പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 10.10.2011-ൽ |
| ചോദ്യം നമ്പർ : 2285 | മറുപടിയ്ക്കു് |

**കായംകുളം മണ്ഡലത്തിലെ ക്ഷേത്ര നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) | കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിലെ സുപ്രസിദ്ധമായ ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിലെ ക്ഷേത്രക്കുളം നവീകരണം, മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ; | (എ) | ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിലെ കുളം നവീകരണം, മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മേജർ എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഏകദേശം 400 വർഷം പഴക്കമുള്ള ആനകൊട്ടിൽ, പഴയ ആഫീസ് കെട്ടിടം, പാട്ടമ്പലം എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | എരുവ ക്ഷേത്രത്തിലെ ആനക്കൊട്ടിൽ, പഴയ ദേവസ്വം ഓഫീസ് കെട്ടിടം, പാട്ടംമ്പലം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കായംകുളം പുതിയിടം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ക്ഷേത്രക്കുളത്തിന്റെയും, സദ്യാലയത്തിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ക്ഷേത്രക്കുളത്തിൻേറയും സദ്യാലയത്തിൻേറയും ശോച്യാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടി മാവേലിക്കര എക്സിക്യൂട്ടീവ് എൻജിനീയർക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ